"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - കോട്ടയം റീ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അറ്റൻഡർ, ശ്രീ. മനോജ് പി.ഡി. ക്ക്, നാടക - സിനിമാ മേഖലയിൽ അഭിനയം, സ്ക്രിപ്റ്റ് റൈറ്റിങ്, അനൗൺസ്മെന്റ് എന്നിവയിൽ പങ്കെടുക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.2731/2024/RD തീയതി,തിരുവനന്തപുരം, 16-11-2024

---

പരാമർശം:- 1. ശ്രീ. മനോജ് പി. ഡി. സമർപ്പിച്ച 30.11.2023 ലെ അപേക്ഷ.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.10.2024 ലെ എൽ.ആർ./3231/2024-എൽ.ആർ. (എൽ3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം റീ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അറ്റൻഡർ, ശ്രീ. മനോജ് പി. ഡി. ക്ക് നാടക - സിനിമാ മേഖലയിൽ അഭിനയം, സ്ക്രിപ്റ്റ് റൈറ്റിങ്, അനൗൺസ്മെന്റ് എന്നിവയിൽ പങ്കെടുക്കുന്നതിനും, പരിശീലനം നൽകുന്നതിനുമുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം റീ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ അറ്റൻഡർ ആയ ശ്രീ. മനോജ് പി. ഡി. ക്ക്, 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ന്റെ ആദ്യ പ്രൊവിസോ പ്രകാരം ഓദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരാത്തതരത്തിലും പ്രതിഫലം കൈപ്പറ്റാതെയും, സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും ഇത്തരം കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ സർക്കാരിനെയോ സർക്കാർ നയങ്ങളെയോ വിമർശിക്കാൻ പാടില്ലാത്തതുമാണ് എന്നീ വ്യവസ്ഥകളോടെ നാടക - സിനിമാ മേഖലയിൽ അഭിനയം, സ്ക്രിപ്റ്റ് റൈറ്റിങ്, അനൗൺസ്മെന്റ് എന്നിവയിൽ പങ്കെടുക്കുന്നതിനും, പരിശീലനം നൽകുന്നതിനുമുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഭിലാഷ് എസ്

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോട്ടയം.

ശ്രീ. മനോജ് പി. ഡി. , അറ്റൻഡർ, റീ സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയ◌ം, കോട്ടയം (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്( REV-T1/216/2024-REV).

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 16-11-2024 14:18:16

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ബഹു.റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്.ന്